**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3249** **01-03-2023 - ൽ മറുപടിയ്ക്ക്**

**ബി.ആർ.സി. കളിലെ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിന്ന് തസ്തിക നഷ്ടപ്പെട്ട് ബി.ആർ.സി. കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിരിക്കുന്ന അദ്ധ്യാപകർക്ക് വെക്കേഷൻ അനുവദനീയമാണോ; | (എ) | അനുവദനീയമല്ല. |
| (ബി) | ഏപ്രിൽ, മെയ് മാസങ്ങളിലെ വെക്കേഷൻ അവധി പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് ബാധകമല്ല എന്ന ഉത്തരവുണ്ടോ; വെക്കേഷൻ അവധി ബാധകമല്ലെങ്കിൽ യാദൃശ്ചികാവധി എത്രയായി നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് വെക്കേഷൻ ബാധകമല്ലാത്തതിനാലും 12 മാസവും ജോലി ചെയ്യുന്നതിനാലും സർക്കാർ ജീവനക്കാർക്ക് അർഹമായ അത്രയും ദിവസം ആവശ്യത്തിനനുസരിച്ച് യാദൃശ്ചികാവധി വിനിയോഗിക്കാവുന്നതാണ്. |
| (സി) | വെക്കേഷൻ കാലയളവിൽ ജോലി ചെയ്താൽ പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് ആർജ്ജിതാവധി നല്കാൻ ഉത്തരവുണ്ടോ; ഇല്ലെങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ? | (സി) | വെക്കേഷൻ കാലയളവിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ആനുപാതികമായ ആർജ്ജിതാവധി സർക്കാർ നിയന്ത്രണത്തിന് വിധേയമായി മാനദണ്ഡപ്രകാരം അനുവദിക്കുന്നതിന് തടസ്സമില്ല. |

സെക്ഷൻ ഓഫീസർ